**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജൂലൈ 5**

---

## എം.ജി സർവകലാശാലയുടെ ഓൺലൈൻ എംബിഎ, എംകോം; ഇപ്പോൾ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ എംബിഎ, എം.കോം ഓൺലൈൻ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഉപരിപഠനത്തിനും തൊഴിലിനുമുള്ള യോഗ്യതയായി പരിഗണിക്കുന്ന റെഗുലർ ഡിഗ്രിക്ക് തുല്യമായ പ്രോഗ്രാമുകളാണിവ. നിലവിൽ ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ചേരാം.

രജിസ്ട്രേഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണംവരെയുള്ള നടപടികൾ ഓൺലൈനിലായതിനാൽ ഒരു ഘട്ടത്തിലും വിദ്യാർഥികൾക്ക് സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. പ്രവേശനത്തിന് പ്രായ പരിധിയോ പരീക്ഷയോ ഇല്ല. വിദ്യാർഥികളുടെ സൗകര്യവും സമയക്രമവും അനുസരിച്ച് പഠിക്കാനാകും എന്നതാണ് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മറ്റൊരു സവിശേഷത .

യുജിസി അംഗീകൃത സർവകലാശാലകളിൽനിന്ന് ഏതെങ്കിലും വിഷയത്തിൽ അൻപതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദമോ അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് എംബിഎക്ക് അപേക്ഷിക്കാം. നാലു സെമസ്റ്ററുകളിലായി നടത്തുന്ന പ്രോഗ്രാമിന് ഓരോ സെമസ്റ്ററിനും 25000 രൂപയാണ് ഫീസ്.

യുജിസി അംഗീകൃത സർവകലാശാലകളിൽനിന്ന് 45 ശതമാനം മാർക്കോടെ ബികോം, ബിബിഎ, ബിബിഎം ഇവയിൽ ഏതെങ്കിലും ബിരുദമോ തത്തുല്യ ബിരുദമോ നേടിയവർക്ക് ഓൺലൈൻ എം.കോമിന് അപേക്ഷിക്കാം. നാലു സെമസ്റ്ററുകളുള്ള പ്രോഗ്രാമിന് സെമസ്റ്ററിന് 20000 രൂപയാണ് ഫീസ്.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ ഒഇസി, എസ്ഇബിസി വിഭാഗങ്ങളിൽ പെടുന്നവർക്കും സർവകലാശാലാ നിയമപ്രകാരമുള്ള മാർക്കിളവ് ലഭിക്കും. പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്ക് സെമസ്റ്റർ ഫീസിൽ 20 ശതമാനം ഇളവുണ്ട്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 15. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(cdoe.mgu.ac.in)ഫോൺ-0481 2733293, 8547992325, 8547852326, 8547010451.

(പി.ആർ.ഒ/39/559/2024)

## ഓണേഴ്സ് ബിരുദ പ്രവേശനം; ഒന്നാം പ്രത്യേക ആലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന്റെ ഒന്നാം പ്രത്യേക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ എട്ടിനു വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം.മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനത്തിൽ തുടരുന്ന പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാരും ഈ സമയപരിധിക്കു മുൻപ് കോളേജുകളിൽ സ്ഥിര പ്രവേശനം എടുക്കണം.

പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

മുൻ അലോട്ട്മെന്റുകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് ജൂലൈ ഒൻപത്, പത്ത് തീയതികളിൽ എസ്.സി എസ്.ടി രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിനുള്ള രജിസ്ട്രേഷനൊപ്പം പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.
(പി.ആർ.ഒ/39/560/2024)

## പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എം.എസ്സി ഫിഷറീസ് ബയോളജി ആൻഡ് അക്വാ കൾച്ചർ പി.ജി.സി.എസ്.എസ് (2023 അഡ്മിഷൻ റെഗുലർ, 2019,2020,2021, അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷാഫലം പ്രഖ്യപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 18 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ
(പി.ആർ.ഒ/39/561/2024)

## വൈവ

നാലാം സെമസ്റ്റർ എം.എ.മലയാളം (സി.എസ്.എസ്) (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ പരീക്ഷ ജൂലൈ 11 ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/561/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി ബയോകെമിസ്ട്രി- സി.എസ്.എസ് (2022 അഡ്മിഷൻ റെഗുലർ, 2019,2020,2021, അഡ്മിഷൻ റീ അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 11 മുതൽ കോളേജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ
............................................

നാലാം സെമസ്റ്റർ ബി.വോക്. ലോജിസ്റ്റിക് മാനേജ് മെൻറ്(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷൻ റീ അപ്പീയറൻസ് മെയ് 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതിന് ആരംഭിക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ
............................................

നാലം സെമസ്റ്റർ എം.എ (സി.എസ്.എസ്-2022 അഡ്മിഷൻ റെഗുലർ, 2019,2020,2021 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ,പ്രോജകറ്റ്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 11 ന് തൃപ്പൂണിത്തറ. ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക്ക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/562/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൻ സയൻസസിൽ ചരിത്രം, ആന്ത്രോപ്പോളജി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് ഒഴിവുണ്ട് (എം.എ.ആന്ത്രോപോളജി: എസ്.സി -മൂന്ന്,എസ്.ടി- ഒന്ന്, എൽ.സി-ഒന്ന്, മുസ്ലിം-രണ്ട്, ഈഴവ -ഒന്ന്, ഇ.ഡബ്ല്യു.എസ്-രണ്ട്,എം.എ ഹിസ്റ്ററി: ബി.എക്സ്-ഒന്ന് എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ ഒമ്പതിന് രാവിലെ 10 ന് പുല്ലരിക്കുന്നിലെ ഓഫിസിൽ എത്തണം. ഫോൺ-9995203470

……………………………………

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ് (എം.ടി.ടി.എം) പ്രോഗ്രാമിൽ എസ്.സി,എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ എട്ടിന് രാവിലെ പത്തിന് വകുപ്പ് ഓഫീസിൽ എത്തണം.

……………………………………

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമിന് പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ രണ്ടു വീതം സീറ്റുകൾ ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ എട്ടിനു രാവിലെ 10.30 ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം. ഫോൺ-8304870247
(പി.ആർ.ഒ/39/563/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**